# GHSS KUNHIMANGALAM

**Little Kites 13039/2019**

**2019-2020 Batch**

*presents*

# *DIGI MAGAZINE*

# *2020*

# മുഖമൊഴി

ഈ മാസിക  വൈവിധ്യമാർന്ന നമ്മുടെ

രചനകളുടെയും ശേഖരങ്ങളുടെയും സമാഹാരമാണ്.

ഭാഷയായാലും സാഹിത്യമായാലും

ആധുനികവത്കരണത്തിന്റെ ഭാഗമായി

സമൂഹത്തിൽ ഉയർന്നുവന്ന മാറ്റങ്ങളായാലും

മറ്റു വിവിധ രംഗങ്ങളായാലും

അർഹിക്കുന്ന പ്രാധാന്യം ഒരുപോലെയാണ്.

വിദ്യാഭ്യാസത്തിലൂടെ നമുക്ക് ലഭിക്കുന്നതും

ഇത്തരം അറിവുകളാണ്.





കുഞ്ഞിമംഗലം.
GHSS KUNHIMANGALAM
KANNUR

# *Photo gallery*





**ശ്രീമതി ടി. സരസ്വതി**

***Head Mistress***

# അകത്താളങ്ങളിൽ

*Photo Gallery*

മഹാത്മാഗാന്ധിയുടെ സന്ദേശങ്ങൾ

അജ്ഞതയുടെ ലോകം

*Forever Friend*

ആരുമറിയാതെ

*സ്വപ്നം*

*ഉറക്കപ്രിയനായ ബാപ്പുജി*

*അടുപ്പൂട്ടിപ്പാറ*

വൈറസ് എന്ന ഭീകരൻ

കുഞ്ഞുണ്ണിമാഷ്




പ്രതിഭാസംഗമം





**ജീവൻ.ടി**

**സംസ്ഥാന സ്കൂൾ കലോത്സവം കഥാരചന**



സംഘനൃത്തം

എ ഗ്രേഡ്

സംസ്ഥാന സ്കൂൾ കലോത്സവം



**അതുൽ കൃഷ്ണൻ**

**ഷോട്ട് പുട്ട് സബ് ജൂനിയർ ബോയ്സ്**

**സംസ്ഥാന സ്കൂൾ കായികമേള**




**രാജ്യപുരസ്കാർ അവാർഡ് ദാനചടങ്ങ്**



പച്ചക്കറി കൃഷി വിളവെടുപ്പ്






**മികച്ച *JRC* കേഡറ്റ്**

**സാരംഗ് എസ് ഹരി**





വലയസൂര്യഗ്രഹണനിരീക്ഷണം

# മഹാത്മാഗാന്ധിയുടെ

# സന്ദേശങ്ങൾ

സത്യമെന്നത് വെറുമൊരു വാക്കല്ല.
ജീവിതം മുഴുവനും സത്യമായിത്തീരണം

തെറ്റ് പറ്റാത്തവരായി ആരുമില്ല
സജ്ജനങ്ങൾക്കു പോലും തെറ്റ് പറ്റാം
സജ്ജനങ്ങൾ എന്ന് നാം അവരെ
വിളിക്കുന്നത് അവർക്ക് തെറ്റ്
പറ്റാത്തതു കൊണ്ടല്ല മറിച്ച് സ്വന്തം
തെറ്റുകൾ കണ്ടെത്താനും അവ മറച്ചു
വയ്ക്കാതെ തിരുത്താനും അവർ
ശ്രമിക്കുന്നതു കൊണ്ടാണ്.

എന്റെ ജീവിതമാണെന്റെ സന്ദേശം.



# അജ്ഞതയുടെ ലോകം

## നയന കെ പി

രാമന് മൂന്ന് മക്കളുണ്ടായിരുന്നു.അവരുടെ അമ്മയാണ്

ലക്ഷ്മി. ലക്ഷ്മിയും രാമനും വളരെ അധ്വാനിച്ചാണ് മൂന്നു പേരെയും

വളർത്തുന്നത്.കൃഷിചെയ്താണ് രാമൻ ജീവിതം നയിക്കുന്നത്.

കൂടാതെ കന്നുകാലികളും രാമനുണ്ടായിരുന്നു.ലക്ഷ്മിയും രാമനെ

സഹായിച്ചിരുന്നു. ആത്മാർത്ഥമായ് അധ്വാനിക്കുന്നവരാണ്

ഇരുവരും. അവർ അവരുടെ മക്കളെ പ്രതീക്ഷകളോടെ വളർത്തി.

അവരെ നല്ല നിലയ്ക്കെത്തിക്കുകയായിരുന്നു അവരുടെ ലക്ഷ്യം.

ഒരു ദിവസം ലക്ഷ്മി മൂന്നു മക്കളെയും വിളിച്ചു ചോദിച്ചു;"മക്കളെ

എത്ര കഷ്ടപ്പെട്ടാലും നമ്മൾ നിങ്ങളെ വലിയ നിലയിലെത്തിക്കും.

പക്ഷെ ഒരു കാര്യം, നിങ്ങൾ പഠിച്ചു മിടുക്കരാവണം".ഇതു കേട്ടുകൊണ്ടു

വന്ന രാമൻ;"ശരിയാ മക്കളേ, നമ്മുടെ അധ്വാനം

നിങ്ങൾ മനസ്സിലാക്കണം.എനിക്കറിയാം മക്കൾ നല്ല

നിലയിലെത്തും.നേരം ഏറെയായ്.എന്റെ മക്കള് പോയി കിടന്നോ".

ഏറെ നാളുകൾക്കു ശേഷം.

അവർ ഒരുപാട് മുന്നേറി.മൂത്തവൻ ബാങ്ക് ഉദ്യോഗസ്ഥനായി.

രണ്ടാമൻ ഡോക്ടറായി. മൂന്നാമൻ എൻജിനീറും.ഈ നിമിഷങ്ങൾ

കാത്തിരുന്ന രാമനും ലക്ഷ്മിയും ഏറെ സന്തോഷിച്ചു.

"ഇനി നമ്മുടെ അധ്വാനം കുറയും, അല്ലെ ലക്ഷ്മി"?

"ശരിയാ, പക്ഷെ അവർക്ക് വയസ്സ് എത്രയായി,ഒരു കല്യാണമൊക്കെ

ശരിയാക്കേണ്ടേ?"

"ഓ അതു ഞാൻ മറന്നു ,നമുക്കതു നടത്താം"

അങ്ങനെ മൂവരുടെയും കല്യാണം നന്നായ് നടന്നു.പിന്നെ പിന്നെ അവർ അച്ഛനെയും അമ്മയെയും ശ്രദ്ധിക്കാതെ

വന്നു.ഒരു നേരിയ ഭയം ഇരുവരെയുടെയും മനസ്സിൽ തങ്ങി.

സ്വന്തം കാര്യം മാത്രം നോക്കി അവർ വേറെ വേറെ വീട് എടുത്തു

നിന്നു.ഒരു ചെറു കുടിലിൽ കഷ്ടപ്പെടുന്ന അഛനും അമ്മയും ഏറെ

സങ്കടപ്പെട്ടു.അവർ സ്വന്തം കാര്യം മാത്രം നോക്കി നടക്കുന്നു.

ഇടയ്ക്കുപോലും അവർ കാണാൻ വരാതായ്.ലക്ഷ്മിയ്ക്കും രാമനും

വയസ്സായ് തുടങ്ങി.അധ്വാനിക്കാൻ പറ്റാതായി അവർ കിടപ്പിലായ്.

അവർ പ്രയാസപ്പെട്ട് ആ കുരയ്ക്കുള്ളിൽ കഴിയുകയാണ്.

പ്രിയരെ,

ഇങ്ങനെയുള്ള മാതാ-പിതാക്കൾ ഇന്ന് ഒരുപാടുണ്ട്.
വളർത്തി വലുതാക്കിയവരെ മറന്നുകളയുന്ന ഒരു

സമൂഹത്തെ ഈ കഥ ഓർമ്മിപ്പിക്കുന്നു.ഈ കഥ തികച്ചും
സാങ്കൽപികമാണെങ്കിലും പച്ചയായ ജീവിതാനുഭവങ്ങളെ
ഇതു ചൂണ്ടിക്കാണിക്കുന്നു



# Forever Friend

Pallavi Biju

Sometimes I get to thinking
of the friendship that we share
and my heart is filling with gladness
just to know that you are there
for you have a way about you
That is the honest and sincere,
A happiness that radiates
And make you very dear
You have the art of making
The shadows fade away
You bring an extra sparkle
To an ordinary day



# ആരുമറിയാതെ

വിസ്മയ എം

ആരുമറിയാതെ ഞാൻ നീങ്ങുന്നു-

നിൻ മുൻപിൽ, ആരും കൊതിക്കുന്നൊ-

രാത്മബന്ധം.....

എന്തെന്നറിയാതെ നിൻ മുൻപിൽ

വന്നപോൽ...

ഇന്നിജ്ജയമാണൊരാ ജീവിതം....

എന്നാലുമറിയാതെ പുണരുന്നിതൊന്നു-

ഞാൻ നിന്നുള്ളിലെ ജീവസന്ദേശമായ്

എൻ മനസിൽ മതിരില്ല പോലെ-

ങ്കിലും നെഞ്ചിനുള്ളിൽ,

വിങ്ങുന്നു നിൻ മൗനവും

ആരുമറിയാതെ കൊതിക്കുന്നുവെങ്കിൽ

ഭാഗ്യമില്ലാതെയായ് നീങ്ങുന്നിതാ....

ആ മുഖമിന്നുഞാൻ ഓർക്കുന്നതിന്നിതാ-

ജീവൻ വെടിഞ്ഞിതാ വാക്കുകൾ പോൽ

എന്തെന്നറിയാതെ വീണ്ടുമൊരാശതൻ

നെഞ്ചിൽ പതിയുന്നൊരാത്മബന്ധം

# സ്വപ്നം

## പ്രജിന

കുറേ ഗുണ്ടകൾ വന്ന് തെങ്ങിൻ തൈകൾ പിഴുതെറിഞ്ഞു.തേക്ക് മുറിച്ച് കഷ്ണങ്ങളാക്കി.മാവും പ്ലാവും തുണ്ടം തുണ്ടമാക്കി.പതിമുഖത്തിനെ പിടിച്ചപ്പോൾ കൈയിൽ മുള്ളുകുത്തി. ദേഷ്യം ഇരട്ടിച്ചപ്പോൾ  അയാൾ പതിമുഖവും അരിഞ്ഞു വീഴ്ത്തി.എന്റെ പാവം ഉപ്പൂത്തിയെ മാത്രം ഒന്നും ചെയ്തില്ല.ഞാൻ ആർത്തു കരഞ്ഞു.ഒരു ഭ്രാന്തിയെപ്പോലെ......

പെട്ടെന്ന് ഞാൻ കണ്ണു തുറന്നു.അപ്പോഴേക്കും നേരം വെളുത്തിരുന്നു.ഞാൻ പുറത്തേക്കോടി.എന്റെ മാവും പ്ലാവും പതിമുഖവും ഒക്കെ ഇന്നലെ കണ്ടതു പോലെ തന്നെ അവിടെയുണ്ട്. ഹാവൂ......ആശ്വാസമായി.



# ഉറക്കപ്രിയനായ ബാപ്പുജി

അശ്വതി. എം.പി

വല്ലാത്ത ഉറക്കപ്രിയനായിരുന്നു ഗാന്ധിജി. ഉറങ്ങുന്ന കാര്യം പറഞ്ഞാൽ മതി അപ്പോൾ ഉറക്കം വരും.അതാണ് സ്വഭാവം.ഗാന്ധി-ഇർവിൻ ഉടമ്പടിയിൽ ഒപ്പിടേണ്ട സമയം നേരത്തേ നിശ്ചയിച്ചിരുന്നു.നിശ്ചിത സമയത്തിന് പതിനഞ്ചു മിനിറ്റ് മുൻപുതന്നെ ഗാന്ധിജി എത്തിച്ചേർന്നു. അപ്പോൾ അദ്ദേഹത്തെ കാണാൻ കുറച്ച് ഇംഗ്ലീഷുകാർ കാത്തുനിൽപ്പുണ്ടായിരുന്നു."എനിക്ക് കുറച്ചു സമയം ഉറങ്ങണം.എന്നിട്ട് നമുക്ക് സംസാരിക്കാം...'' അദ്ദേഹം അവരോടു പറഞ്ഞു."അയ്യോ ഉറങ്ങാനുള്ള സമയമില്ല...ഇനി പതിനഞ്ചു മിനിറ്റ് മാത്രമേയുള്ളൂ...'' അവർ പറഞ്ഞു."അതൊന്നും സാരമില്ല...എനിക്ക് ഉറങ്ങാൻ പതിനഞ്ചു മിനിറ്റ് മതി.'' ഗാന്ധിജി പറഞ്ഞു.എന്നിട്ട് ഗാന്ധിജി ഉറങ്ങാൻ പോയി.പതിനഞ്ചു മിനിറ്റ് കഴിഞ്ഞപ്പോൾ അദ്ദേഹം എഴുന്നേറ്റുവന്നു.ഇതു കണ്ടപ്പോൾ ഒരാൾ അത്ഭുതത്തോടെ പറഞ്ഞു.

"ഹോ...താങ്കളുടെ ഉറങ്ങാനുള്ള കഴിവ് അപാരം

തന്നെ..''''ഉറക്കം നിയന്ത്രിക്കാൻ സാധിക്കാതെ വരുന്ന ദിവസം ഞാൻ മരിച്ചു എന്നു കരുതിക്കൊള്ളുക.''അതായിരുന്നു അപ്പോൾ ഗാന്ധിജിയുടെ മറുപടി.



# അടുപ്പൂട്ടിപ്പാറ

കുഞ്ഞിമംഗലത്തിന്റെ ചിത്രസംസ്കൃതിയുടെ
പഴക്കം അന്വേഷിക്കുമ്പോൾ ചെന്നുമുട്ടുന്ന
ചരിത്രാവശിഷ്ടമാണ്
പ്രസിദ്ധമായ അടുപ്പൂട്ടിപ്പാറയും സമൂപപ്രദേശത്തുള്ള
ചെറിയ ഗുഹകളും.വീരപുരുഷന്മാരുടെയും
പ്രമാണിമാരുടെയും സ്മരണയിൽ ഉയർത്തപ്പെട്ട
ഇത്തരം ശിലകളുടെ ആകാരഭംഗിയും അത്തരം ഒരു
നിർമാണത്തിന് വേണ്ട അദ്ധ്വാനവും ഗുഹകളുടെ
പ്രവേശനദ്വാര നിർമ്മിതിയിലുള്ള ചാരുതയും
പരിശോധിച്ചാൽ ആയിരത്തിൽപ്പരം വർഷങ്ങൾ
ക്കുമുമ്പുള്ള മനുഷ്യരുടെ ഉള്ളിൽ ഉരുത്തിരിഞ്ഞുവരുന്ന
സൗന്ദര്യബോധം എത്രയെന്ന്പഠിക്കാനാവും.വയ
നാട് പോലുള്ള പ്രദേശങ്ങളിൽ ഇത്തരംകല്ലുകളിലും,
ഗുഹകളിലും,സമീപപ്രദേശങ്ങളിലും നടത്തിയ
ഗവേഷണത്തിനിടയിൽ
കിട്ടിയപാത്രങ്ങളിലും,ആഭരണങ്ങളെന്നു
തോന്നിക്കുന്ന വസ്തുക്കളിലും കോറിയിട്ട ചിത്രങ്ങൾ

കണ്ടെത്തിയിട്ടുണ്ട്.അത്തരം ഗവേഷണാത്മക പര്യവേക്ഷണം അടുപ്പൂട്ടിപ്പാറ പ്രദേശത്ത് നടത്തിയാൽ കുഞ്ഞിമംഗലത്തിന്റെ ചിത്രപ്പഴക്കവും ചരിത്രവസ്തുതകളും കൂടുതൽ വ്യക്തമാകും.എന്നാൽ പഠനങ്ങൾ നടക്കുന്നില്ല എന്നു മാത്രമല്ല, അടുത്ത കാലത്ത് ഈ പ്രദേശത്ത് കണ്ടെത്തിയ 'ഇരട്ടഗുഹ'ദിവസങ്ങൾക്കുള്ളിൽ ജെ.സി.ബി. വച്ച് തകർക്കുകയായിരുന്നു എന്നത് നിരാശാജനകമായാണ് ചരിത്രകുതുകികൾ കാണുന്നത്.



# വൈറസ് എന്ന ഭീകരൻ

കൊറോണയും നിപ്പയും പക്ഷിപ്പനിയും മഞ്ഞപ്പിത്തവും ചിക്കൻപോക്സും മുതൽ എയ്ഡ്സ് വരെയുള്ള രോഗങ്ങൾക്കുള്ള സമാനത അവയെല്ലാം വൈറസ് ഉണ്ടാക്കുന്നു എന്നതാണ്.ഇവ ഭീകരന്മാരാകാൻ കാരണമെന്താണെന്നറിയാമോ?

ജീവനുള്ള കോശങ്ങളിൽ മാത്രം നിലനിൽപ്പുള്ള,രോഗമുണ്ടാക്കാൻ കഴിവുള്ള സൂക്ഷ്മ ജീവികളാണ് വൈറസുകൾ.ഏകദേശം ബാക്ടീരിയയുടെ നൂറിലൊന്ന് വലിപ്പം മാത്രമുള്ള ഇവയ്ക്ക് മനുഷ്യരെയും മൃഗങ്ങളെയും ചെടികളെയും എന്തിനു ബാക്ടീരിയയെ

പോലും പ്രതികൂലമായി ബാധിക്കുന്ന

അവസ്ഥകൾ സൃഷ്ടിക്കാൻ കഴിയും.മാത്രം

നിലനിൽപ്പുള്ള,രോഗമുണ്ടാക്കാൻ കഴിവുള്ള

സൂക്ഷ്മ ജീവികളാണ് വൈറസുകൾ.ഏകദേശം


ബാക്ടീരിയയുടെ നൂറിലൊന്ന് വലിപ്പം

മാത്രമുള്ള ഇവയ്ക്ക് മനുഷ്യരെയും മൃഗങ്ങളെയും

ചെടികളെയും എന്തിനു ബാക്ടീരിയയെ

പോലും പ്രതികൂലമായി ബാധിക്കുന്ന

അവസ്ഥകൾ സൃഷ്ടിക്കാൻ കഴിയും.



***കവി പരിചയം***

# <u>കുഞ്ഞുണ്ണിമാഷ്</u>

*കൃഷ്ണപ്രിയ.കെ.വി*

1927 മെയ് 10 ന് തൃശ്ശൂർ ജില്ലയിലെ വലപ്പാട്ട് അതിയാരത്ത് തേറത്ത് പറമ്പിൽ ഞായപ്പിള്ളി നീലകണ്ഠൻ മൂസതിന്റെയും നാരായണി അമ്മയുടെയും മകനായി ജനിച്ചു.അച്ഛനും അമ്മാവനും വൈദ്യന്മാരായിരുന്നു.വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ എഴുത്ത് തുടങ്ങി.ഇരുപത് വർഷത്തോളം മാതൃഭൂമി ആഴ്ചപതിപ്പിലെ ബാലപംക്തിയിൽ "കുട്ടേട്ടനായി" പ്രവർത്തിച്ചു.ഇരുപത്തെട്ടോളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ആത്മകഥ:എന്നതിലൂടെ

കൃതികൾ :അമൃതകഥകൾ , അക്ഷരത്തെറ്റ്,
കടങ്കഥകൾ,ഊണ്തൊട്ട് ഉറക്കം വരെ,
കുഞ്ഞുണ്ണിക്കവിതകൾ,നമ്പൂതിരിഫലിതങ്ങൾ
തുടങ്ങിയവ.

അക്ഷരതെറ്റിനും കുഞ്ഞുണ്ണിക്കവിതകൾക്കും കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.ജീവിച്ചിരിക്കുന്ന ഏറ്റവും മികച്ച ബാലസാഹിത്യകാരനുള്ള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവാർഡ് കുഞ്ഞുണ്ണിമാഷിനാണ്.

